പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3017

11.12.2014 ൽ മറുപടിയ്ക്ക്

## അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ

**ചോദ്യം**

ശ്രീ. പി.ഉബൈദുള്ള

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

(എ) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(എ) വ്യക്തികളും സ്ഥാപനങ്ങളും വകുപ്പു നിർദ്ദേശങ്ങളോ സർക്കാർ അനുശാസിച്ചിരിക്കുന്ന മാനദണ്ഡങ്ങളോ സ്വീകരിക്കാതെ വിദ്യാലയങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകി; LP, UP, High School, HSS എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) പുതിയ വിദ്യാലയങ്ങൾക്ക് അംഗീ-കാരം നൽകിയിട്ടില്ല.

(സി) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) ഉണ്ട്; സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന സ്റ്റേറ്റ് സിലബസ് അനുസരിച്ചുള്ള വിദ്യാലയങ്ങൾക്ക് 31.12.2014 വരെയും സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്ക് 31.01.2015 വരെയും അംഗീകാരം നേടാനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇപ്രകാരം

ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ